"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി

തിരുത്തൽ

നവീകരണം

പുനരധിവാസം"

കേരള പ്രിസൺസ് &

കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

www.keralaprisons.gov.in

ഇണ്ടാസ് നം: KPCS/1831/2025-E4; തീയതി: 22-10-2026

05-10-2026 തീയതിയിലെ സർക്കാരിന്റെ നമ്പർ.Home-B3/16/2025-Home എന്ന കത്തും, 03.09.2025 തീയതിയിലെ നം.68/2025/ധന എന്ന ധനകാര്യ വകുപ്പിന്റെ സർക്കുലറും അറിവിലേക്കും, തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Krishnaja K

PA TO DGP&CS

സ്വീകർത്താവ്: ജയിൽ വകുപ്പിലെ എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ്: ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും.

Digitally signed by
Krishnaja K
Date: 22-10-2026
12:01:06

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

ആഭ്യന്തര(ബി) വകുപ്പ്

നമ്പർ.Home-B3/16/2025-Home 05-10-2026,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ഡയറക്ടർ ജനറൽ

പ്രിസൺസ് & കറക്ഷണൽ സർവീസസ്

സർ,

വിഷയം:- ആഭ്യന്തര വകുപ്പ് - ജയിലുകൾ - 01-04-2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കാതെ സർവ്വീസിൽ തുടരുന്ന ജീവനക്കാരുടെ എൻ പി. എസ് രജിസ്ട്രേഷൻ നടപടി അടിയന്തിരമായി പൂർത്തീകരിക്കുന്നത് -സംബന്ധിച്ച്

സൂചന:- 1.താങ്കളുടെ 06.12.2024 ലെ E4-35338/2024/PrHQ നം. കത്ത്.

2. ധനകാര്യ വകുപ്പിന്റെ 03.09.2025 ലെ 68/2025/ധന നം. സർക്കുലർ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം, 01.04.2013-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വമെടുക്കാതെ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ, സൂചന 2 സർക്കുലറിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടികൾ കൈക്കൊള്ളേണ്ടതാണ് എന്നും പെൻഷൻ നിർണ്ണയത്തിൽ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
SUDHEER K
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Digitally signed by Amina B
Date: 06-10-2026 13:08:05
സെക്ഷൻ ഓഫീസർ.

File No. KPCS/1834/2025-E4 (Computer No. 2000273)
Generated from eOffice by Gnana Sheela V, E 4 PRHQ KPCS, E4 PRHQ KPCS, KERALA PRISONS on 02/10/2026 02:59 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ(എൻ.പി.എസ് സെൽ)വകുപ്പ്

നം.68/2025/ധന

തീയതി, തിരുവനന്തപുരം, 03.09.2025

സർക്കുലർ

വിഷയം:- ധനകാര്യ (എൻ പി എസ് -സെൽ) വകുപ്പ് - സംസ്ഥാനത്തെ ദേശീയ പെൻഷൻ പദ്ധതിയുടെ സുഗമവും ഫലപ്രദവുമായ നടത്തിപ്പിന് പാലിക്കേണ്ട തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:- 1) 07.01.2013 തീയതിയിലെ സ.ഉ(പി) നം 20/2013/ധന ഉത്തരവ്
2) 07.05.2013 തീയതിയിലെ സ.ഉ(പി) നം: 209/2013/ധന ഉത്തരവ്
3) 19.12.2013 തീയതിയിലെ സ.ഉ(പി) നം.622/2013/ധന ഉത്തരവ്
4) 05.06.2014 തീയതിയിലെ സ.ഉ(പി) നം.210/2014/ധന ഉത്തരവ്
5) 14.07.2014 തീയതിയിലെ സ.ഉ(പി)നം.279/2014 /ധന ഉത്തരവ്
6) 04.072015 തീയതിയിലെ 65/2015/ധന നം. പരിപത്രം
7) 23.08.2016 തീയതിയിലെ സ.ഉ(പി) നം. 120/2016/ധന ഉത്തരവ്
8) 16.11.2018 തീയതിയിലെ സഉ(പി) നം: 178/2018/ധന ഉത്തരവ്
9) 27.02.2019 തീയതിയിലെ സ.ഉ (പി) നം. 23/2019/ ധന ഉത്തരവ്

31.03.2013 വരെ കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01.04.2013 നോ അതിന് ശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പദ്ധതിയുടെ സുഗമവും ഫലപ്രദവുമായ നടത്തിപ്പിനു പരാമർശത്തിലെ വിവിധ ഉത്തരവുകൾ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പല വ്യവസ്ഥകളും കൃത്യമായി പാലിക്കപ്പെടുന്നില്ലെന്നതും ആയത് പദ്ധതി നടത്തിപ്പിന്റെ അച്ചടക്കത്തെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ നിർണ്ണയത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ആശയക്കുഴപ്പങ്ങൾ ഒഴിവാക്കുന്നതിനും സമയോചിതമായി ജീവനക്കാരെ

File No. KPCS/1834/2025-E4 (Computer No. 2000213)

Generated from eOffice by Gnana Sheela V, E 4 PRHQ KPCS, E4 PRHQ KPCS, KERALA PRISONS on 02/10/2026 02:59:29 PM

എൻ.പി.എസ്- ൽ എൻറോൾ ചെയ്യിപ്പിച്ച് എൻ പി എസ് നിക്ഷേപ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായി താഴെ പരാമർശിച്ചിട്ടുള്ള തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) എൻ പി എസ്- ന്റെ പരിധിയിൽ വരുന്ന എല്ലാ ജീവനക്കാരുടെയും എൻറോൾമെന്റ് വേഗത്തിലാക്കാൻ ജീവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നടത്തുന്നതിന് പരാമർശം (3) ഉത്തരവിന്റെ ഖണ്ഡിക VI ൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത സമയക്രമം എല്ലാ ഡി.ഡി.ഒ മാരും നിർബന്ധമായും പാലിക്കേണ്ടതാണ്. ജീവനക്കാരന്റെ നിയന്ത്രണത്തിനു പുറത്തുള്ള കാരണങ്ങൾ ഒഴികെ എൻ.പി.എസ് രജിസ്ട്രേഷൻ എടുക്കുന്നതിൽ പ്രസ്തുത **സമയക്രമം പാലിക്കാത്ത ജീവനക്കാരുടെ പൂർണ്ണ ശമ്പള ബില്ലുകൾ (Full salary Bill) അവരുടെ PRAN ലഭിക്കുന്നതുവരെ** ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ തയ്യാറാക്കേണ്ടതില്ല. ഏതെങ്കിലും സാഹചര്യത്തിൽ ഇത്തരം ശമ്പള ബില്ലുകൾ ട്രഷറിയിൽ ലഭിക്കുന്ന പക്ഷം ടി ബില്ലുകൾ ട്രഷറി ഓഫീസർ നിരസിക്കേണ്ടതാണ്.

2) (a) ശൂന്യവേതനാവധിയിൽ തുടരുന്ന ഉദ്യോഗസ്ഥർ, വിവിധ കോടതികളുടെ പരിഗണനയിലുള്ള കേസുകളിൽ എൻ.പി.എസ് അംഗത്വം എടുക്കേണ്ടതില്ലെന്ന് ഇടക്കാല/അന്തിമ വിധിയുള്ളവർ എന്നിവർ ഒഴികെ ദേശീയ പെൻഷൻ പദ്ധതി ബാധകമായിട്ടുള്ളതും 31/07/2025 വരെ സർവ്വീസിൽ പ്രവേശിച്ച് നാളിതുവരെ അംഗത്വമെടുക്കാതെ തുടരുന്നതുമായ ജീവനക്കാരുടെ എൻപി.എസ് രജിസ്ട്രേഷൻ നടപടികൾ **30/09/2025 നകം ധനകാര്യ വകുപ്പിന്റെ അനുമതി കൂടാതെതന്നെ ബന്ധപ്പെട്ട ജില്ലാ ട്രഷറി മുഖേന പൂർത്തീകരിക്കേണ്ടതാണ്.**

(b) 01/04/2013 നോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിച്ച് ശൂന്യവേതനാവധിയിൽ തുടരുന്ന ഉദ്യോഗസ്ഥർ അവധി കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ച് ഒരു മാസത്തിനകം **ധനകാര്യ വകുപ്പിന്റെ അനുമതി കൂടാതെ തന്നെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ ബന്ധപ്പെട്ട ജില്ലാ ട്രഷറി മുഖേന പൂർത്തീകരിക്കേണ്ടതാണ്.**

(c) കോടതിവ്യവഹാരങ്ങളുടെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കാതെ സർവ്വീസിൽ തുടരുന്ന ജീവനക്കാരുടെ വിഷയത്തിൽ ബന്ധപ്പെട്ട കോടതികളുടെ അന്തിമ വിധി പ്രകാരം ഉചിതമായ അധികാരി ജീവനക്കാരന് എൻ.പി.എസ് ബാധമാക്കി ഉത്തരവ് പുറപ്പെടുവിച്ച് **പ്രസ്തുത ഉത്തരവ് തീയതി മുതൽ ഒരുമാസത്തിനകം ധനകാര്യ വകുപ്പിന്റെ അനുമതി കൂടാതെ തന്നെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ ബന്ധപ്പെട്ട ജില്ലാ ട്രഷറി മുഖേന പൂർത്തീകരിക്കേണ്ടതാണ്.**

ഉപഖണ്ഡികകൾ (a), (b), (c) -യിൽ വ്യക്തമാക്കിയിട്ടുള്ള നിശ്ചിത സമയപരിധിയ്ക്കകം എൻ.പി.എസ് രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഡി.ഡി.ഒ-മാർക്കാണ്. ആയതിനാൽ, ഇത്തരത്തിൽ അംഗത്വം എടുക്കാതെ സേവനത്തിൽ തുടരുന്ന ജീവനക്കാരുടെ പൂർണ്ണ ശമ്പള ബില്ലുകൾ (Full salary Bill) അവരുടെ PRAN ലഭിക്കുന്നതുവരെ ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ തയ്യാറാക്കേണ്ടതില്ല. ഏതെങ്കിലും സാഹചര്യത്തിൽ **ഇത്തരം ശമ്പള ബില്ലുകൾ ട്രഷറിയിൽ ലഭിക്കുന്ന പക്ഷം ടി ബില്ലുകൾ ട്രഷറി ഓഫീസർ നിരസിക്കേണ്ടതാണ്.**

Generated from eOffice by Gnana Sheela V, E 4 PRHQ KPCS, E4 PRHQ KPCS, KERALA PRISONS on 02/10/2026 02:59 PM

3) (i) വിവിധ വകുപ്പുകളിൽ KSR Part III പെൻഷനിൽ തുടരുന്നതിനു മൊബിലിറ്റി ആനുകൂല്യത്തിനായി നിശ്ചിത സമയപരിധിക്കുള്ളിൽ ഓപ്ഷൻ സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം ജീവനക്കാരേയും ബന്ധപ്പെട്ട നിയമനാധികാരികൾ പരാമർശം (5), (6) എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയതു പ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തി നാളിതുവരെ യും നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടില്ലെന്നും **KSR Part III** പെൻഷനിൽ തുടരുന്നതിന് മൊബിലിറ്റി ആനുകൂല്യം അനുവദിച്ചു കൊണ്ട് ബന്ധപ്പെട്ട നിയമനാധികാരികൾ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങളിൽ പലതും ക്രമപ്രകാരമല്ലായെന്നും കാണുന്നു. മാത്രവുമല്ല, പ്രസ്തുത നടപടിക്രമങ്ങളിൽ ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി പെൻഷനുള്ള അർഹതയെ സാധൂകരിക്കാനുതകുന്ന വിശദാംശങ്ങൾ ഒന്നും തന്നെ ഉൾക്കൊള്ളിക്കാതെയാണ് പ്രസ്തുത നടപടി ക്രമങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ii) മേൽ സാഹചര്യങ്ങളിൽ 31.07.2025 നകം സർവ്വീസിൽ പ്രവേശിച്ച ഖണ്ഡിക 3(i)-ൽ ഉൾപ്പെടുന്ന ജീവനക്കാരുടെ സർവ്വീസ് വിശദാംശങ്ങൾ പരിശോധിച്ച് ഈ പരിപത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അനുബന്ധം പ്രകാരമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഡിഡി.ഒ തയ്യാറാക്കി നിയമനാധികാരിയ്ക്ക് സമർപ്പിക്കേണ്ടതും നിയമനാധികാരികൾ പരാമർശം (2),(5), (6) എന്നീ ഉത്തരവുകൾ/സർക്കുലറിലെ വ്യവസ്ഥകൾക്കനുസൃതമായി അർഹതയുടെ അടിസ്ഥാനത്തിൽ അനുബന്ധത്തിലെ വിവരങ്ങൾ കൂടി ചേർത്ത് **ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 30.09.2025-നകം നടപടിക്രമങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.**

(iii) നിലവിൽ പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങളിൽ അനുബന്ധം അനുസരിച്ച് ക്രമപ്രകാരമല്ലാത്തവ ഭേദഗതി ചെയ്യേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ സാക്ഷ്യപ്പെടുത്തി അതാത് ഓഫീസുകളിൽ സൂക്ഷിക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് ജീവനക്കാരന്റെ സേവന പുസ്തകത്തിൽ/e.service book -ൽ ഉൾപ്പെടുത്തേണ്ടതും ആയത് രേഖപ്പെടുത്തേണ്ടതുമാണ്. **മേൽ നടപടികൾ 30/09/2025 -നകം പൂർത്തീകരിക്കേണ്ടതാണ്.**

(iv) പുനഃപരിശോധനാ വേളയിൽ അർഹതയില്ലാത്തവർക്ക് മൊബിലിറ്റി ആനുകൂല്യം അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം ടിയാളുകളെ **ധന (എൻ.പി.എസ്) വകുപ്പിന്റെ മുൻകൂർ അനുമതിയോടെ മാത്രം എൻ.പി.എസ് -ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

4) പുതിയതായി സേവനത്തിൽ പ്രവേശിച്ച് KSR Part III പെൻഷനിൽ തുടരുന്നതിനു മൊബിലിറ്റി ആനുകൂല്യത്തിനായി നിശ്ചിത സമയപരിധിക്കകം ഓപ്ഷൻ ഫോം സമർപ്പിക്കപ്പെടുന്ന സംഗതികളിൽ നിയമനാധികാരികൾ 2 ആഴ്ച്ചയ്ക്കുള്ളിൽ മേൽ ജീവനക്കാരുടെ സർവ്വീസ് വിശദാംശങ്ങൾ പരിശോധിച്ച് 07.05.2013 ലെ സ.ഉ(പി) : 209/2013/ധന, 14/07/2014 -ലെ ജി.ഒ(പി)നം.279 /2014/ധന, 04 .07.2015 ലെ 65/2015/ധന നമ്പർ പരിപത്രം എന്നിവകളിലെ വ്യവസ്ഥകൾക്കനുസൃതമായി അർഹതയുടെ അടിസ്ഥാനത്തിൽ KSR Part III പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർബന്ധമായും നടപടിക്രമങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. മാത്രവുമല്ല,

File No. KPCS/1834/2025-E4 (Computer No. 2000213)

Generated from eOffice by Gnana Sheela V, E 4 PRHQ KPCS, E4 PRHQ KPCS, KERALA PRISONS on 02/10/2026 02:39 PM

അപ്രകാരം നിയമനാധികാരികൾ പുറപ്പെടുവിക്കുന്ന നടപടിക്രമങ്ങളിൽ **മുൻ ഖണ്ഡിക 3(II)-ൽ സൂചിപ്പിക്കുന്ന വിശദാംശങ്ങൾ എല്ലാം ഉൾക്കൊള്ളിക്കേണ്ടതും അതോടൊപ്പം ഓപ്ഷൻ ഫോം ഡി.ഡി.ഒ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ/e.service book -ൽ സൂക്ഷിക്കേണ്ടതും ആയത് രേഖപ്പെടുത്തേണ്ടതുമാണ്.**

5) 01.04.2013 നു മുൻപ് പാർട്ട് ടൈം തസ്തികയിൽ ജോലി ചെയ്തുവരുകയും ടി തീയതിക്ക് ശേഷം ഫുൾ ടൈം തസ്തികയിലേക്ക് സ്ഥാനക്കയറ്റം / ബൈ ട്രാൻസ്ഫർ പ്രൊമോഷൻ ലഭിച്ച് പരാമർശം (8), (9) എന്നീ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ **പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാൻ ഓപ്ഷൻ സമർപ്പിക്കാതെ 56 വയസ്സിനു ശേഷവും സേവനത്തിൽ തുടരുന്ന ജീവനക്കാരുണ്ടെങ്കിൽ പരാമർശം (8) ഉത്തരവിന്റെ ഖണ്ഡിക 5-9 വരെയുള്ള നടപടികൾ പ്രകാരം ഉടൻ നിർബന്ധിത വിരമിക്കലിന് വിധേയമാക്കേണ്ടതും ഇത്തരത്തിലുള്ള ജീവനക്കാർ 56 വയസ്സിനു ശേഷം സേവനത്തിൽ തുടരുന്നില്ലായെന്ന് ബന്ധപ്പെട്ട ഡിഡിഒ/ നിയമനാധികാരി ഉറപ്പു വരുത്തേണ്ടതുമാണ്.** മേൽപ്പടി നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നത് മൂലം സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്കുള്ള പരിപൂർണ്ണ ഉത്തരവാദിത്തം **ബന്ധപ്പെട്ട ഡിഡിഒ-യിലും നിയമനാധികാരിയിലും നിക്ഷിപ്തമായിരിക്കും.**

6) പരാമർശം 8 ഉത്തരവിന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടെ വിഷയത്തിലും, 31.03.2013 ന് മുൻപ് സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് നിയമന ഉത്തരവ് ലഭിക്കുകയും എന്നാൽ 31.03.2013 ന് ശേഷം ജോലിയിൽ പ്രവേശിക്കുന്നതിനായി ബന്ധപ്പെട്ട അധികാരിയുടെ അനുമതിയോടെ സേവനത്തിൽ പ്രവേശിക്കുന്നകാലം ദീർഘിപ്പിച്ച നേടി പരാമർശം 4 സർക്കാർ ഉത്തരവിന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടെ വിഷയത്തിലും പല നിയമനാധികാരികളും മേൽ വിഭാഗങ്ങളിൽ ഉൾപ്പെട്ട ജീവനക്കാരെ **KSR Part III** പെൻഷനിൽ തുടരുന്നതിന് മൊബിലിറ്റി ആനുകൂല്യം അനുവദിച്ച കൊണ്ട് നടപടിക്രമങ്ങൾ പുറപ്പെടുവിക്കുന്നില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഭാഗം ജീവനക്കാരെ **KSR Part III** പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിയമനാധികാരികൾ അനുബന്ധം പ്രകാരമുള്ള നടപടിക്രമങ്ങൾ നിർബന്ധമായും പുറപ്പെടുവിക്കേണ്ടതാണ്. പരാമർശം 8 ഉത്തരവ് പ്രകാരം മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാരുടെ വിഷയത്തിൽ ജീവനക്കാർ പാർട്ട് ടൈം തസ്തികയിൽ പ്രവേശിച്ച തീയതി, ഫുൾ ടൈം തസ്തികയിൽ പ്രവേശിച്ച തീയതി എന്നിവയും, പരാമർശം 4 സർക്കാർ ഉത്തരവിന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടെ സംഗതിയിൽ, **ജീവനക്കാരന് ജോയിനിങ് ടൈം എക്സ്റ്റൻഷൻ നൽകിയ കാലാവധി, അനുവദിച്ച ജോയിനിങ് ടൈം എക്സ്റ്റൻഷന് ശേഷം സർവ്വീസ് ബ്രേക്ക് കൂടാതെ സർവ്വീസിൽ തിരികെ പ്രവേശിച്ചിട്ടുണ്ടോ എന്നീ വിശദാംശങ്ങളും നടപടിക്രമങ്ങളിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.**

7) **01/04/2013** ന് ശേഷം പാർട്ട് ടൈം ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ കാര്യത്തിൽ ടി ജീവനക്കാർ പാർട്ട് ടൈം സേവന കാലയളവിൽ പ്രാൺ അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുള്ള വ്യക്തിഗത/സർക്കാർ വിഹിതങ്ങൾ, പരാമർശം 7 ഉത്തരവിൽ പറയുന്ന നടപടിക്രമങ്ങൾ പാലിച്ച് ധന (എൻ.പി.എസ്) വകുപ്പിന്റെ മുൻകൂർ അനുമതി ഇല്ലാതെ തന്നെ വീണ്ടെടുക്കാവുന്നതാണ്.

File No. KPCS/1834/2025-E4 (Computer No. 2000213)

Generated from eOffice by Gnana Sheela V, E 4 PRHQ KPCS, E4 PRHQ KPCS, KERALA PRISONS on 02/10/2026 02:39:29 PM

ആയതിനു പ്രസ്തുത കാലയളവിലെ **എൻ.പി.എസ് ഡിഡക്ഷൻ സ്റ്റേറ്റ്മെന്റ് സഹിതം DDO മുഖേന ബന്ധപ്പെട്ട ട്രഷറിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

8) പരാമർശം (1) പ്രകാരം **01.04.2013** ന് മുൻപ് നിയമന ഉത്തരവ് ലഭ്യമായതും **01.04.2013** നോ അതിനു ശേഷമോ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളവരുമായ ജീവനക്കാർക്ക് KSR Part III പെൻഷൻ പദ്ധതിയാണ് ബാധകമാകുന്നത്.

9) കേരള പി.എസ്. സി യുടെ അഡ്വൈസ് മെമ്മോയിലെ തീയതി **01.04.2013- ന്** മുമ്പ് ആയിരിക്കുകയും എന്നാൽ നിയമന ഉത്തരവിലെ തീയതി **01.04.2013 ന്** ശേഷം ആയിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ജീവനക്കാരിൽ മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർ ഒഴികെയുള്ളവർക്ക് ദേശീയ പെൻഷൻ പദ്ധതിയാണ് ബാധകമാകുന്നത്.

10) 12.07.2019 ലെ സ.ഉ. (അ)നം.84/2019/ധന ഉത്തരവ് പ്രകാരം **01.04.2013** ന് മുമ്പ് സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച് **01.04.2013** ന് ശേഷം റഗുലറൈസ് ചെയ്യപ്പെട്ട ജീവനക്കാർക്കും നാളിതുവരെ റഗുലറൈസ് ചെയ്യപ്പെടാത്ത ജീവനക്കാർക്കും 01.04.2013 ന് ശേഷം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാർക്കും ദേശീയ പെൻഷൻ പദ്ധതിയാണ് ബാധകമാകുന്നത്. നാളിതുവരെ എൻ.പി.എസ് രജിസ്ട്രേഷൻ എടുക്കാത്ത ജീവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ ഈ പരിപത്രത്തിന്റെ തീയതി മുതൽ 30 ദിവസത്തിനകം ബന്ധപ്പെട്ട ഡിഡിഒ-മാർ ജില്ലാ ട്രഷറി മുഖേന പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുത സമയക്രമം പാലിക്കാത്ത ജീവനക്കാരുടെ ശമ്പള ബില്ലുകൾ **(Salary Bill)** അവരുടെ **PRAN** ലഭിക്കുന്നതുവരെ ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ തയ്യാറാക്കേണ്ടതില്ല. ഏതെങ്കിലും സാഹചര്യത്തിൽ **ഇത്തരം ശമ്പള ബില്ലുകൾ ട്രഷറിയിൽ ലഭിക്കുന്ന പക്ഷം ടി ബില്ലുകൾ ട്രഷറി ഓഫീസർ നിരസിക്കേണ്ടതാണ്.**

11) 28.04.2025 ലെ സ.ഉ.(അ)നം.59/2025/ധന ഉത്തരവ് പ്രകാരം എൻ.പി.എസ് രജിസ്ട്രേഷൻ നടപടികളിൽ കാലതാമസം സംഭവിക്കുന്നത് മൂലമുണ്ടാകുന്ന കുടിശ്ശിക തുക പരമാവധി 15 മാസ തവണകളായി എൻ.പി.എസ് പ്രതിമാസ വിഹിതത്തിനൊപ്പം ശമ്പളത്തിൽ നിന്നും ഈടാക്കുന്നുണ്ടെന്നത് ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ ഉറപ്പു വരുത്തേണ്ടതാണ്.

സബീഹ പി. എം
അഡിഷണൽ സെക്രട്ടറി

File No. KPCS/1834/2025-E4 (Computer No. 2000213)

Generated from eOffice by Gnana Sheela V, E 4 PRHQ KPCS, E4 PRHQ KPCS, KERALA PRISONS on 02/10/2026 02:39 PM

അനുബന്ധം

1. ജീവനക്കാരന്റെ / ജീവനക്കാരിയുടെ പേര് :-.....

2. പെൻ :-.....

3. ഔദ്യോഗിക പദവി :- .....

4. നിലവിലെ ഓഫീസിന്റെ പേര്, വിലാസം :-.....

5. (a) 01.04.2013 -ന് മുമ്പ് ജീവനക്കാരൻ സേവനത്തിൽ പ്രവേശിച്ച തീയതി :.....
   (b) വകുപ്പ് /*സ്ഥാപനം .....
   (c) ടി വകുപ്പിൽ /*സ്ഥാപനത്തിൽ **KSR Part III** ബാധകമാണോ :-

6. മേൽ സേവനത്തിൽ നിന്നും വിടുതൽ ചെയ്ത / രാജി അംഗീകരിച്ച തീയതി :- .....

7. (a). 01.04.2013 ന് ശേഷം സേവനത്തിൽ പ്രവേശിച്ച തീയതി:.....
   (b) വകുപ്പ് /*സ്ഥാപനം .....
   (c) ടി വകുപ്പിൽ /*സ്ഥാപനത്തിൽ KSR Part III ബാധകമാണോ:-

8. അനുവദനീയമായ, ജോലിയിൽ ചേരുന്ന കാലത്തിനുള്ളിൽ **(Admissible Joining Time)** ഖണ്ഡിക (1) ൽ പരാമർശിച്ചിരിക്കുന്ന സേവനത്തിൽ നിന്നും വിടുതൽ ചെയ്ത് / രാജി വെച്ച് ഖണ്ഡിക (3) ൽ പരാമർശിച്ചിരിക്കുന്ന സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടോ :-

9. മൊബിലിറ്റി ആനുകൂല്യത്തിനായി ഓപ്ഷൻ ഫോം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (ഖണ്ഡിക (3) ൽ പരാമർശിച്ചിരിക്കുന്ന സേവനത്തിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം) സമർപ്പിച്ചിട്ടുണ്ടോ : ..... ഓപ്ഷൻ ഫോം സമർപ്പിച്ച തീയതി.....

മുകളിൽ വ്യക്തമാക്കിയ വിവരങ്ങൾ സേവനപുസ്തകത്തിലെ/e.service book ലെ/ SPARK ലെ രേഖകളുമായി ഒത്തുനോക്കി ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :- .....

ഒപ്പ്

തീയതി.....

ഡിഡിഒ യുടെ പേര്

പെൻ .....

ഔദ്യോഗിക പദവി .....

File No. KPCS/1834/2025-E4 (Computer No. 2000213)

Generated from eOffice by Gnana Sheela V, E 4 PRHQ KPCS, E4 PRHQ KPCS, KERALA PRISONS on 02/10/2026 02:39 PM

ക്രമ നം (5) ൽ പരാമർശിച്ചിരിക്കുന്ന വകുപ്പ് /സ്ഥാപനവും ക്രമ നം (7) ൽ പരാമർശിച്ചിരിക്കുന്ന വകുപ്പ് /സ്ഥാപനവും **KSR Part III** ബാധകമായതും, ക്രമ നം (8) ൽ പരാമർശിച്ചിരിക്കുന്ന അനുവദനീയമായ, ജോലിയിൽ ചേരുന്ന കാലത്തിനുള്ളിൽ സേവനത്തിൽ പ്രവേശിച്ചതും, ക്രമ നം (9) ൽ പരാമർശിക്കുന്ന സമയപരിധിക്കുള്ളിൽ ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടുള്ളതുമായ ജീവനക്കാരെ **KSR Part III – ൽ** ഉൾപ്പെടുത്തി നിയമനാധികാരികൾ നടപടിക്രമങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

മേൽ നിബന്ധനകളിൽ ഉൾപ്പെടാത്ത ജീവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ **30/09/2025** നകം ധനകാര്യ വകുപ്പിന്റെ അനുമതി കൂടാതെതന്നെ ബന്ധപ്പെട്ട ജില്ലാ ട്രഷറി മുഖേന പൂർത്തീകരിക്കേണ്ടതാണ്. ഇത്തരത്തിൽ അംഗത്വം എടുക്കാതെ സേവനത്തിൽ തുടരുന്ന ജീവനക്കാരുടെ ശമ്പള ബില്ലുകൾ **(Full Salary Bill) 01/11/2025** മുതൽ അവരുടെ **PRAN** ലഭിക്കുന്നതുവരെ ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ തയ്യാറാക്കേണ്ടതില്ല.

*** സ്ഥാപനം :- LSG Institutions, State Autonomous Bodies**

പകർപ്പ് :-

1) ഡയറക്ടർ(സർവ്വീസസ്), ഡിപ്പാർട്ട്മെന്റ് ഓഫ് പേർസണൽ ആൻഡ് ട്രെയിനിങ്ങ്, മിനിസ്ട്രി ഓഫ് പേർസണൽ, പബ്ലിക് ഗ്രീവൻസസ് ആൻഡ് പെൻഷൻ, ഗവണ്മെന്റ് ഓഫ് ഇന്ത്യ
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ) കേരള, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1)കേരള തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II)കേരള തിരുവനന്തപുരം
5) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6) ഡയറക്ടർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
7) ധനകാര്യ (പെൻഷൻ-എ)വകുപ്പ്
8) മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും
9) എല്ലാ വകുപ്പ് മേധാവികൾക്കും
10) സ്റ്റേറ്റ് നോഡൽ ഓഫീസർ www.finance.kerala.gov.in
11) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
12) ജനറൽ മാനേജർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
13) രജിസ്ട്രാർ, കേരള ഹൈക്കോടതി,എറണാകുളം
14) രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
15) അഡ്വക്കേറ്റ് ജനറൽ, എറണാകുളം
16) സെക്രട്ടറി,കെ എസ് ഇ ബി ലിമിറ്റഡ്, തിരുവനന്തപുരം
17) ചീഫ് സെക്രട്ടറി, കേരള സർക്കാർ
18) സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ /പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ /ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.
19) ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
20) സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
21) സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ, തിരുവനന്തപുരം
22) സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ , തിരുവനന്തപുരം
23) മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി

File No. KPCS/1834/2025-E4 (Computer No. 2000213)

Generated from eOffice by Gnana Sheela V, E 4 PRHQ KPCS, E4 PRHQ KPCS, KERALA PRISONS on 02/10/2026 02:39 PM

24) പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
25) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ, തിരുവനന്തപുരം
26) മുഖ്യ വിവരാവകാശ കമ്മിഷൻ, തിരുവനന്തപുരം
27) സെക്രട്ടറിയേറ്റിലെ മുഴുവൻ വകുപ്പുകൾക്കും
28) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sheela S

സെക്ഷൻ ഓഫീസർ.